**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3690** **02-03-2023 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ ഇൻഷുറൻസ് അനുബന്ധ രേഖകൾ ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹനങ്ങളുടെ ഇൻഷുറൻസ്, പുകപരിശോധന സർട്ടിഫിക്കറ്റുകൾ എന്നീ രേഖകൾ ഉറപ്പാക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ അറിയിക്കാമോ; | (എ) | മോട്ടോർ വാഹനങ്ങളുമായി ബന്ധപ്പെട്ട് വിവിധ സേവനങ്ങൾക്കായി വകുപ്പിനെ സമീപിക്കുമ്പോൾ വാഹനങ്ങൾക്ക് ഇൻഷുറൻസ്, പുകപരിശോധന സർട്ടിഫിക്കറ്റുകൾ ഓൺലൈനായും, ഓഫ്-ലൈനായും ഉണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. വാഹന പരിശോധനാ വേളയിൽ ഇൻഷുറൻസ്, പുകപരിശോധന സർട്ടിഫിക്കറ്റുകൾ ഇല്ലാത്ത വാഹനങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇൻഷുറൻസ്, പുകപരിശോധന ഫലം എന്നിവ ഓൺലൈനായി പരിവാഹൻ സൈറ്റുമായി ബന്ധിപ്പിച്ചിരിക്കുന്ന ഇക്കാലഘട്ടത്തിൽ ആയവ യഥാസമയം പുതുക്കാതെ വരുന്ന സാഹചര്യത്തിൽ ഓട്ടോമാറ്റിക്കായി തന്നെ പിഴ ബാധകമാകുന്ന വിധത്തിൽ സോഫ്റ്റ് വെയറിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കാമോ; | (ബി) | കേന്ദ്ര മോട്ടോർ വാഹന നിയമം, കേന്ദ്ര മോട്ടോർ വാഹന ചട്ടം എന്നിവയിൽ ഭേദഗതി വരുത്തിയാൽ മാത്രമേ ഇത്തരത്തിൽ പിഴ ബാധകമാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | രേഖകൾ പരിശോധിക്കുന്നതിന് എൻഫോഴ്‌സ്മെന്റ് സ്ക്വാഡുകൾ വാഹനം തടഞ്ഞുനിർത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | നിരത്തുകളിൽ വാഹന പരിശോധന നടത്തുന്ന സമയത്ത് വാഹനങ്ങൾ തടഞ്ഞ് നിർത്താതെ തന്നെ ഇൻഷുറൻസ്, പുകപരിശോധന സർട്ടിഫിക്കറ്റുകൾ തുടങ്ങിയ രേഖകൾ പരിശോധിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ